LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും യഥാസമയം തുക അനുവദിക്കാൻ നടപടി

162 [167] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് യഥാസമയം തുക അനുവദിക്കാത്തതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ കുട്ടികളുടെ ഭക്ഷണത്തിനുള്ള തുക യഥാസമയം അനുവദിക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ; അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. ടി ഹോസ്റ്റലുകൾ വകുപ്പ് നേരിട്ടാണ് നടത്തുന്നത്. ഫണ്ടിന്റെ കുറവ് ചിലപ്പോഴൊക്കെ അനുഭവപ്പെടുന്നുവെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലെ ഭക്ഷണ ചെലവുകൾക്കുള്ള മതിയായ തുക പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. തുകയുടെ അപര്യാപ്തത അറിയിക്കുന്ന സന്ദർഭങ്ങളിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

പട്ടികജാതി വികസന ആഫീസർമാരുടെ നിയമനം

163 [168] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി. വഴി അവസാനമായി നിയമനം നൽകിയത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര പേർക്ക് നിയമനം നൽകി; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 1-1-1996-ന് ശേഷം എത്ര പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2-മാരെ ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകി എന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്കുള്ള നിയമനത്തിൽ പി.എസ്.സി. വഴി നേരിട്ടും പ്രൊമോഷൻ വഴിയും ഉള്ള ഗവൺമെന്റ് അംഗീകൃത അനുപാതം എത്രയാണ്; ഈ അനുപാതം ഇപ്പോൾ പാലിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഇ) കേരളത്തിലെ ഏതെല്ലാം വികസന ബ്ലോക്കുകളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ലെന്നും എന്തുകൊണ്ടാണെന്നും വിശദീകരിക്കാമോ;

(എഫ്) നിലവിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ ഒഴിവുകളുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 10-5-1993-ലാണ്.

(ബി) 32 പേർക്ക് നിയമനം നൽകി. പ്രസ്തുത ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.†

(സി) 1-1-1996-നുശേഷം 88 പേരെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.†

(ഡി) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലില്ല. പട്ടികജാതി വികസന വകുപ്പിന്റെ ഭാഗിക പുനഃസംഘടനയുടെ ഭാഗമായി പുതിയതായി സൃഷ്ടിച്ച 50% തസ്തികകളിൽ നേരിട്ട് നിയമനം നടത്തിയിട്ടുണ്ട്.

2000-ൽ അനുവദിച്ച 29 തസ്തികകളിൽ 14 എണ്ണത്തിൽ നേരിട്ട് നിയമനം നടത്തുന്നതിനായി പി.എസ്.സി. ശുപാർശ ചെയ്തിട്ടുണ്ട്. ഇവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന ഡയറക്ടർ സ്വീകരിച്ചു വരുന്നു.

(ഇ) 11 ബ്ലോക്ക് പഞ്ചായത്തുകളിലും 44 മുനിസിപ്പാലിറ്റികളിലും പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ല. (പേരുവിവരം അനുബന്ധം III-ആയി ചേർത്തിരിക്കുന്നു).† 1991-ലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം 5000-ൽ താഴെ മാത്രമുള്ള ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ലാത്തത്.

(എഫ്) ഉണ്ട്. 3 ഒഴിവുകൾ നിലവിലുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly